# കേരള സർവകലാശാല

നം. പി.ആർ.077/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള : ഡിഗ്രി പ്രവേശനം - ഹെൽപ് ലൈൻ നമ്പരുകൾ

കേരള സർവകലാശാലയുടെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ (ഗവ., എയ്ഡഡ്, സ്വാശ്രയ), യു.ഐ.ടി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിൽ ഒന്നാംവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2016-17) പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 0471-2304631, 2386296, 8281883052, 8281883053 എന്നീ ഹെൽപ് ലൈൻ നമ്പരുകളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ ബന്ധപ്പെടാം.

## ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് ക്ലാസ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് ക്ലാസ് മെയ് 21-ന് തുടങ്ങും. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. പ്രായപരിധിയില്ല. ഫീസ് 10000/- രൂപ. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടത്തും. മറ്റ് കോഴ്സുകൾ പഠിക്കുന്നവർക്കും അതിനോടൊപ്പം തന്നെ ഈ കോഴ്സിന് ചേർന്ന് പഠിക്കാവുന്നതാണ്. കോഴ്സ് കാലാവധി മൂന്ന് മാസം. താൽപര്യമുള്ളവർ പി.എം.ജിയിലുള്ള തുടർവിദ്യാഭ്യാസ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

## എം.എച്ച്.എസ്സി.സി.സി.ഡി തിയറി/പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം വർഷ എം.എച്ച്.എസ്സി ക്ലിനിക്കൽ ചൈൽഡ് ഡവലപ്മെന്റ് തിയറി പരീക്ഷകൾ (201315 അഡ്മിഷൻ) ജൂൺ 20 മതൽ 27 വരെ തീയതികളിൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിലും രണ്ടാം വർഷ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 28, 29, 30 തീയതികളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് സി.ഡി.സി യിലും നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല മേയ് 17, 18 (രണ്ട് ദിവസം മാത്രം) തീയതികളിൽ ആലപ്പുഴ എസ്.ഡി. കോളേജിൽ നടത്താനിരുന്ന രണ്ടാം വർഷ ബി.എ സബ്സിഡിയറി പരീക്ഷകൾ ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ഫോർ വിമനിലേക്ക് മാറ്റിയിരിക്കുന്നു. പ്രസ്തുത പരീക്ഷയെഴുതുന്നവർ ഈ പരീക്ഷകേന്ദ്രത്തിൽ പരീക്ഷയെഴുതണം. മെയ് 23 മുതൽ നടക്കുന്ന പരീക്ഷകൾക്ക് ഇത് ബാധകമല്ല.

(ആലപ്പുഴ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)

## ബി.എസ്സി : പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാല മേയ് 23-ന് തുടങ്ങുന്ന ബി.എസ്‌സി (ആന്വൽ സ്‌കീം പർട്ട് മൂന്ന് മെയിൻ മേഴ്‌സിചാൻസ്) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. ആർട്‌സ് കോളേജ്, കൊല്ലം എസ്.എൻ. കോളേജ്, ആലപ്പുഴ എസ്.ഡി. കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും കേന്ദ്രങ്ങൾ.

തിരുവനന്തപുരം യുണിവേഴ്‌സിറ്റി കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, ഗവ. വിമൻസ് കോളേജ്, എം.ജി കോളേജ്, ധനുവച്ചപുരം വി.റ്റി.എം.എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷകേന്ദ്രങ്ങളായി തിരഞ്ഞെടുത്തവർ തിരുവനന്തപുരം ഗവ. ആർട്‌സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

കൊല്ലം എഫ്.എം.എൻ കോളേജ്, പന്തളം എൻ.എസ്.എസ് കോളേജ്, കായംകുളം എം.എസ്.എം കോളേജ്, കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ്, ശാസ്താംകോട്ട ഡി.ബി. കോളേജ് എന്നിവിടങ്ങൾ പരീക്ഷകേന്ദ്രങ്ങളായി തിരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ചേർത്തല എസ്.എൻ കോളേജ് പരീക്ഷകേന്ദ്രമായി തിരഞ്ഞെടുത്തവർ ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## ബി.കോം ഫലം

കേരള സർവകലാശാല 2016 മാർച്ചിൽ നടത്തിയ ബി.കോം (പാർട്ട് രണ്ട് സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ മൂന്ന് വരെ അപേക്ഷിക്കാം. സപ്ലിമെന്ററി വിദ്യാർത്ഥികൾ പിഴകൂടാതെ മേയ് 23 (50 രൂപ പിഴയോടെ മേയ് 25, 250 രൂപ പിഴയോടെ മേയ് 27 വരെ അപേക്ഷിക്കാം.

## എം.ബി.എ മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം.

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2015 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ മെയ് 17, 18, 19 തായതികളിൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നിന്നും ഹാൾടിക്കറ്റുകൾ സഹിതം വന്ന് കൈപ്പറ്റണം.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) – 2011–12 ന് മുമ്പുള്ള അഡ്മിഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

## പുതുക്കിയ പരീക്ഷ തീയതി

കേരള സർവകലാശാല മേയ് 16-ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എം.എം.എ.എം(ഇന്റഗ്രേറ്റഡ് എം.ബി.എ) പരീക്ഷ മെയ് 18-നും രണ്ടാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷ മെയ് 25-നും നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പ്രോജക്ട്/ വൈവ

കേരള സർവകലാശാല സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്സി മാത്തമാറ്റിക്സ് (ഏപ്രിൽ 2016) പരീക്ഷയുടെ പ്രോജക്ട്/വൈവ മെയ് 23, 24 തീയതികളിൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കോളേജുകളിലും ലഭിക്കും.

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷഫലം

കേരള സർവകലാശാല 2016 ഫെബ്രുവരിയിൽ (ഡിസംബർ 2015 സെഷൻ) നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
13.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098